പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4400 — 19.10.2011-ൽ മറുപടിയ്ക്ക്

## 'വീട്ടിൽ ഒരു മാവ്' പദ്ധതി

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. ജെയിംസ് മാത്യു : | | ശ്രീ . കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | 'വീട്ടിൽ ഒരു മാവ്' പദ്ധതിയുടെ വിശദാംശങ്ങൾ അറിയിക്കാമോ; | (എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 140 പഞ്ചായത്തുകളിലെ 1250 വീടുകളിൽ ഒരു മാവിൻ തൈ വീതം നൽകുവാനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തിരമാണ് പദ്ധതി നടപ്പിലാക്കുന്നത്. പഞ്ചായത്തുകളിലെ കൃഷിഭവൻ മുഖേന അപേക്ഷ ക്ഷണിച്ച് പഞ്ചായത്തിന്റെ സഹകരണത്തോടുകൂടി മാവിൻ തൈകൾ വിതരണചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഏത് തരം മാവിൻതൈ ആണ് ഇതിലേക്കായി വിതരണം ചെയ്യുന്നത്; ഈ തൈ എവിടെ വികസിപ്പിച്ചെടുത്തതാണ് എന്നറിയിക്കാമോ; | (ബി) തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുടെ ഭൂമിശാസ്ത്രത്തിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ മാവിനങ്ങളുടെ തൈകളാണ് പദ്ധതിയിൽ വിതരണം ചെയ്യാനുദ്ദേശിക്കുന്നത്. കൃഷി വകുപ്പ്, കേരള കാർഷിക സർവ്വകലാശാല, സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷന്റെ ധനസഹായത്തോടുകൂടി സ്ഥാപിച്ചിട്ടുള്ള നഴ്സറികൾ മുതലായവയിൽ ഉത്പാദിപ്പിച്ച തൈകളാണ് വിതരണം ചെയ്യുന്നത്. |

(സി) കണ്ണൂർ ജില്ലയിലെ മണ്ണിന്റെ ഘടനയനുസരിച്ച് ഏറ്റവും അനുയോജ്യമായ ഇനമാണോ നല്കുക എന്ന് അറിയിക്കാമോ; വടക്കേ മലബാറിലെ ഏറ്റവും സ്വാദിഷ്ടമായ കുറ്റ്യാട്ടൂർ മാവിൻതൈകൾ ഇതിനായി ഉപയോഗപ്പെടുത്തുമോ?

(സി) കണ്ണൂർ ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളുടെ ഭൂമിശാസ്ത്രത്തിനും കാലാവസ്ഥയ്ക്കും അനുയോജ്യമായ മാവിനങ്ങളുടെ തൈകളാണ് പദ്ധതിയിൽ വിതരണം ചെയ്യാനുദ്ദേശിക്കുന്നത്. കുറ്റ്യാട്ടൂർ മാവിൻതൈകളുടെ ലഭ്യതയനുസരിച്ച് ഉപയോഗപ്പെടുത്തുതാണ്.

സെക്ഷൻ ഓഫീസർ